## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ. സുബിൻ മുഹമ്മദ്.വി.കെ, അസിസ്റ്റന്റ് സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം പെരിയ, കാസറഗോഡ്- സർവ്വീസിൽ പുന: പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം: 1. സർക്കാർ കത്ത് നം.എച്ച് എ3-283/18 ആ.കു.വ തീയതി 23.06.2018
2. എ1-14014/18/ ജി.മെ.ആ കാസറഗോഡ് തീയതി 19.09.2018
3. ഡോ. സുബിൻ മുഹമ്മദ്.വി.കെ സമർപ്പിച്ച മറുപടി

**ഉത്തരവ് നം. ഇ.എ4-40289/17/ആ.വ.ഡ തീയതി 04.10.2018**

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയിരിക്കെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിന്ന ഡോ. സുബിൻ മുഹമ്മദ്.വി.കെ പരാമർശം (3) പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും, ഇനി മേലിൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നതല്ലെന്ന് ഉറപ്പ് നൽകുന്ന ബോണ്ടും സമർപ്പിച്ചിരിക്കുന്നു. ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷനെ അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി, ആരോഗ്യ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ജോലിയിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഡോക്ടർമാരുടെ കടുത്ത ക്ഷാമം നേരിടുന്ന ജില്ലകളിൽ ഏതിലെങ്കിലും ടിയാന് നിയമനം നൽകാവുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. സുബിൻ മുഹമ്മദ്.വി.കെ, വടക്കേടത്ത്, നടയ്ക്കൽ.പി.ഒ, ഈരാറ്റുപേട്ട

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കാസറഗോഡ്
3. ഇ.എ 2 സെക്ഷൻ (നിയമനം നൽകുന്നതിനായി)
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

GOVERNMENT OF KERALA 2017-18